"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/11282/2025-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 10-12-2025

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ സ്കൂളുകളിൽ ക്രിസ്മസ് അവധി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 2025-26 അധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടർ

സംസ്ഥാനത്തെ സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തെ അർദ്ധ വാർഷിക പരീക്ഷകൾ 2025 ഡിസംബർ 11 മുതൽ 18 വരെ തീയതികളിൽ നടത്താനും 19 ന് പരീക്ഷയ്ക്കുശേഷം ക്രിസ്മസ് അവധിയ്ക്കായി സ്കൂൾ അടയ്ക്കാനും അവധിയ്ക്കുശേഷം 29 ന് സ്കൂൾ തുറന്നു പ്രവർത്തിക്കാനും നിശ്ചയിച്ചിരുന്നു. എന്നാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2025 ഡിസംബർ 9, 11 എന്നീ തീയതികളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ 2025-26 അധ്യയന വർഷത്തെ അർദ്ധ വാർഷിക പരീക്ഷ തീയതികൾ പുന:ക്രമീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2025-26 അധ്യയന വർഷത്തെ അർദ്ധ വാർഷിക പരീക്ഷയ്ക്കുശേഷം 2025 ഡിസംബർ 24 ന് അവധിയ്ക്കായി സ്കൂൾ അടയ്ക്കാനും അവധിയ്ക്കുശേഷം 2026 ജനുവരി 5 ന് സ്കൂൾ തുറന്നു പ്രവർത്തിക്കാനും നിർദേശം നൽകുന്നു.

Signed by
Umesh N S K
Date: 10-12-2025 16:33:22

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കൻഡറി വിഭാഗം)
3. എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.സി വിഭാഗം)
4. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
5. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
6. എല്ലാ പ്രധാനാധ്യാപകർ/ പ്രിൻസിപ്പൽമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം
3. ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
4. ഡയറക്ടർ, എസ്.ഐ.ഇ.ടി തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്